**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2741** **14-09-2023 - ൽ മറുപടിയ്ക്ക്**

**പിറവം മണ്ഡലത്തിലെ വ്യവസായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പിറവം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പിറവം മുനിസിപ്പാലിറ്റി, കൂത്താട്ടുകുളം മുനിസിപ്പാലിറ്റി, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി, കൂടാതെ പാമ്പാക്കുട ബ്ലോക്ക്, മുളന്തുരുത്തി ബ്ലോക്ക്, എന്നിവിടങ്ങളിലെ വിവിധ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പിറവം നിയോജകമണ്ഡലത്തിൽ ബ്ലോക്ക് തലത്തിലും മുനിസിപ്പാലിറ്റി തലത്തിലും വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ വ്യവസായ വികസന ഓഫീസർമാർ ചുമതല വഹിച്ചു വരുന്നു. മുഖ്യമായും സംരംഭങ്ങൾ ആരംഭിക്കാൻ വരുന്നവർക്ക് വ്യവസായ വികസന ഓഫീസർമാർ മുഖേന നിരവധി സഹായങ്ങൾ നൽകി വരുന്നുണ്ട്. സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന വിവിധ വിഷയങ്ങളിൽ എല്ലാവിധ സഹായങ്ങളും ഇവർ മുഖാന്തിരം നടപ്പിലാക്കി വരുന്നു. ലോണുകൾക്ക് അപേക്ഷിക്കുന്നതിനും, ശുപാർശ ചെയ്യുന്നതിനും, ബാങ്കിലേക്ക് അയക്കുന്നതിനും വിവിധ ലൈസൻസുകൾ ലഭിക്കുന്നതിനും വ്യവസായ വകുപ്പിന്റെ വിവിധ ധന സഹായപദ്ധതികൾക്ക് അപേക്ഷിക്കുന്നതിനും വേണ്ട കൈത്താങ്ങ് സഹായം ടി ഉദ്യോഗസ്ഥർ നൽകി വരുന്നു.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP), സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി (2021 മുതൽ), ഒരു കുടുംബം, ഒരു സംരംഭം പദ്ധതി (2022-2023 മുതൽ) എന്നീ സംരംഭ സഹായ പദ്ധതികൾ പിറവം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നു. കൂടാതെ ബ്ലോക്ക് തലത്തിലും |

| | | | |
|---|---|---|---|
| | | | മുനിസിപ്പാലിറ്റികളിലും എൽ.എസ്.ജി.ഡി ഫണ്ട് മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>2022-23 സാമ്പത്തിക വർഷം വ്യവസായ വകുപ്പ് വഴി നടപ്പിലാക്കിയ സംരംഭക വർഷം പദ്ധതി പിറവം മണ്ഡലത്തിലും നടപ്പിലാക്കിയിരുന്നു. സംരംഭക വർഷത്തിന്റെ ഭാഗമായി 2022-23 മുതൽ ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും Enterprises Development Executive കളെ നിയമിച്ചിട്ടുണ്ട്. Enterprises Development Executive മുഖേന ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും help desk പ്രവർത്തിക്കുന്നുണ്ട്. സംരംഭക വർഷം പദ്ധതി ഈ വർഷവും തുടർന്ന് വരുന്നുണ്ട്.<br><br>പിറവം മണ്ഡലത്തിൽ ആമ്പല്ലൂർ വില്ലേജിൽ 100 ഏക്കർ സ്ഥലത്തു ഒരു ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി കെ.എസ്.ഐ.ഡി.സി. മുഖേന വ്യവസായ വകുപ്പ് വിഭാവനം ചെയ്തിരുന്നു. ആമ്പല്ലൂർ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്തിന്റെ അനുയോജ്യതയെപ്പറ്റി എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച പഠന റിപ്പോർട്ടിൽ പദ്ധതി പ്രദേശം ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് ടി പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലം അക്വാ പാർക്ക്/ അക്വാ കൾച്ചർ/ പ്രോജക്ട് നടപ്പിലാക്കുന്നതിനായി മത്സ്യ ബന്ധന വകുപ്പിന് കൈമാറുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ വിശദവിവരം,അനുവദിച്ച തുക എന്നിവ വ്യക്തമാക്കാമോ?; | (ബി) | പിറവം മണ്ഡലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിയ ധനസഹായ പദ്ധതികളുടെ വിശദവിവരം, അനുവദിച്ച തുക എന്നിവ താഴെപ്പറയുന്നു.<br><br>1. <u>**സംരംഭക സഹായ പദ്ധതി**</u><br><br>വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. കോവിഡ് 19 -ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജ് പ്രകാരം സംരംഭകത്വ സഹായ പദ്ധതി പ്രകാരം പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ട യുവാക്കൾ, |

വനിതകൾ, SC/ST വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5% എന്നത് 10% ആയി വർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ NRK-യെ കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2. **നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി**

10 ലക്ഷം രൂപ വരെ സ്ഥിര മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്. പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദന സേവന ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

3. **ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്**

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin Money നൽകികൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല ഉൾപ്പെടെ) സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും.

**ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

ഈ പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും. ടി പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി സർക്കാർ നൽകുന്നു. ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പദ്ധതി വഴി പലിശ ഇളവ് നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പക്കും പ്രവർത്തന

മൂലധന വായ്പക്കും ആനുകൂല്യം ലഭിക്കുന്നു. 01.04.2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന PM Formalization of Micro Food Processing Enterprises Scheme പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചതോ/അപേക്ഷിച്ചതോ ആയ യൂണിറ്റുകൾക്കും 10 ലക്ഷം രൂപ വരെയുള്ള വർക്കിംഗ് ക്യാപ്പിറ്റൽ ലോണിനും ഈ പദ്ധതിപ്രകാരമുള്ള പലിശയിളവിന് അർഹതയുണ്ട്.

5. **കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി**

കരകൗശല മേഖലയിലുള്ള വിദഗ്ദ്ധ തൊഴിലാളികൾക്ക് ഈ മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു. ജനറൽ വിഭാഗത്തിൽ സ്ഥിരനിക്ഷേപത്തിന്റെ 40%, പരമാവധി 2 ലക്ഷം രൂപ വരെയും യുവാക്കൾ (18-45 വയസ്സുള്ളവർ), സ്ത്രീകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ സ്ഥിരനിക്ഷേപത്തിന്റെ 50%, പരമാവധി 3 ലക്ഷം രൂപ വരെയും സാമ്പത്തിക സഹായം നൽകുന്നു.

6. **പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP)**

തൊഴിലും ഉത്പാദനവും വർധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ പദ്ധതിയാണിത്. ഉത്പാദന മേഖലയിൽ 50 ലക്ഷം രൂപ വരെയും സേവനമേഖലയിൽ 20 ലക്ഷം രൂപ വരെയും പരമാവധി പദ്ധതി ചെലവ് വരുന്ന പുതിയ സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ വായ്പാ ബന്ധിതമായി ആരംഭിക്കാവുന്നതാണ്.

പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP) വഴി 144 സംരംഭകർക്ക് 28164061 രൂപ സഹായം നൽകി. സംരംഭകസഹായ പദ്ധതിയിലൂടെ 17 സംരംഭകർക്ക് 8532688 രൂപയും നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിയിലൂടെ 4 സംരംഭകർക്ക് 263915 രൂപയും കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതിയിലൂടെ ഒരു സംരംഭകന് 85120 രൂപയും സാമ്പത്തിക സഹായം ലഭ്യമാക്കി. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി (OFOE)യിലൂടെ 16 സംരംഭകർക്ക് 169003 രൂപയും ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതിയിലൂടെ 8 സംരംഭകർക്ക് 1014302 രൂപയും ലഭ്യമാക്കി.

| | | | |
|---|---|---|---|
| | | | ആമ്പല്ലൂർ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്ക് പദ്ധതി കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്നതിനായി 334 ഏക്കർ ഭൂമി ഫാസ്റ്റ് ട്രാക്ക് പ്രകാരം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം 100 ഏക്കർ ഭൂമി ആമ്പല്ലൂർ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്ക് പദ്ധതിക്ക് ഏറ്റെടുക്കുവാനുള്ള ഭരണാനുമതിയും ലഭ്യമാക്കുകയുണ്ടായി. ഇതുവരെ 54.47 കോടി രൂപയാണ് സ്ഥലമേറ്റെടുക്കുന്നതിലേക്കായി അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായി സർക്കാർ അനുവദിച്ച തുകയിൽനിന്നും നാളിതുവരെ 21.78 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | വ്യവസായ വകുപ്പ് പ്രഖ്യാപിച്ചതും എന്നാൽ നാളിതുവരെ ആരംഭിക്കാത്തതുമായ പദ്ധതികളെന്തെല്ലാമാണെന്ന് അറിയിക്കാമോ; | (സി) | ആമ്പല്ലൂർ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്ക് മാത്രം. |
| (ഡി) | പ്രസ്തുത പദ്ധതികൾ ഉപേക്ഷിക്കാൻ ഇടയാക്കിയ സാഹചര്യം എന്തെന്ന് അറിയിക്കാമോ? | (ഡി) | ആമ്പല്ലൂർ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കിനായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ വിവിധ ഭാഗങ്ങൾ തീരദേശ പരിപാലന മേഖല നിബന്ധനകൾ, തണ്ണീർതടങ്ങൾ (പരിവർത്തനവും മാനേജ്മെന്റും) നിയമങ്ങൾക്കുള്ളിൽ വരുന്നതിനാൽ സ്ഥലത്തിന്റെ അനുയോജ്യത പരിശോധിക്കാൻ ഒരു എക്സ്പെർട്ട് കമ്മിറ്റിയെ ഏർപ്പെടുത്തുകയുണ്ടായി. എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച പഠന റിപ്പോർട്ടിൽ പദ്ധതി പ്രദേശം ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് ടി പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലം അക്വാപാർക്ക്/ അക്വാകൾച്ചർ/ പ്രോജക്ട് നടപ്പിലാക്കുന്നതിനായി മത്സ്യബന്ധന വകുപ്പിന് കൈമാറുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ